Kerala Catholic youth movement
Latin Archdiocese of Trivandrum

Archbishop's House Compound, Vellayambalam, Trivandrum-695003 Ph: 0471 2724001, Fax: 2725001

| Most. Rev. Dr. Soosapakiam.M | Rev. Fr. paul sunny | Abin Thomas | Firose. F |
|---|---|---|---|
| Patron | Director | President | G. Secretary |


Date......................

സംസ്ഥാന കെ സി ബി.സി. സംസ്ഥാന കലോത്സവ് 2010

## *കെ.സി.ബി.സി. സംസ്ഥാന യുവജന കലോത്സവത്തിൽ തിരുവന ന്തപുരം ലത്തീൻ അതിരൂപത കെ.സി.വൈ.എം. ന് തുടർച്ചയായ രണ്ടാം വർഷവും ഓവറോൾ ചാമ്പ്യൻഷിപ്പ്*

## ലിഡിയാ കലാതിലകം

**തിരുവനന്തപുരം:** മുപ്പത്തിരണ്ടാമത് കെ.സി.ബി.സി. സംസ്ഥാന കെ സി വൈ എം കലോത്സവത്തിൽ തുടർച്ചയായി രണ്ടാമതും തിരുവനന്തപുരം ലത്തീൻ അതിരൂപത കെ.സി.വൈ.എം. ഓവർ ഓൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. അതിരൂപതയിലെ സെന്റ് ആൻഡ്രൂസ് ഇടവകയിൽ നിന്നുള്ള ലിഡിയാ സെബാസ്റ്റ്യൻ കലാതിലകമായി.

കേരളത്തിലെ 32 രൂപതകളിൽ നിന്നുമായി രണ്ടായിരത്തോളം യുവതീ-യുവാക്കളായ കലാകാരന്മാർ പങ്കെടുത്ത മേളയിൽ 161 പോയിന്റ് നേടിയാണ് തിരുവനന്തപുരം ലത്തീൻ അതിരൂപത, മാനന്തവാടി രൂപതയെ പിന്തള്ളി ഒന്നാം സ്ഥാനത്തെത്തി ചാമ്പ്യൻമാരായത്. കലാതിലകമണിഞ്ഞ ലിഡിയാ സെബാസ്റ്റ്യൻ പുതുക്കുറിച്ചി ഫൊറോനയിലെ സെന്റ് ആൻഡ്രൂസ് ഇടവകയിൽ സെബാസ്റ്റ്യൻ പെരേരയുടേയും അനിതാ സെബാസ്റ്റ്യന്റേയും മകളാണ്. നാടോടിനൃത്തം, ഫാൻസി ഡ്രസ്സ് എന്നീ ഇനങ്ങളിൽ ഒന്നാം സ്ഥാനം നേടിക്കൊണ്ടാണ് ലിഡിയാ കലാതിലകം കരസ്ഥമാക്കിയത്. തിരുവനന്തപുരം അതിരൂപതയിൽ നിന്ന് 80 യുവതീ-യുവാക്കൾ വിവിധ മത്സരങ്ങളിലായി പങ്കെടുത്തു. തിരുവനന്തപുരം അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ സൂസപാക്യം തിരുമേനിയും അതിരൂപതാ വികാരിജനറാൾ മോൺ. യൂജിൻ എച്ച്. പെരേരയും ചാമ്പ്യന്മാരേയും കലാതിലകത്തേയും അതിരൂപത കെ സി വൈ എം ഡയറക്ടർ ഫാ. പോൾ സണ്ണിയേയും അഭിനന്ദനങ്ങൾ അറിയിച്ചു.

കലോത്സവത്തോടനുബന്ധിച്ച് നടന്ന സമാപന സമ്മേളനം വയനാട് എം.പി. എം ഐ ഷാനവാസ് ഉദ്ഘാടനം ചെയ്തു. മാനന്തവാടി രൂപത മെത്രാൻ മാർ ജോസ് പെരുന്നേടം അനുഗ്രഹപ്രഭാഷണം നടത്തി.